DESPATCHED
On....10/3/21..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 1686(3)/2020/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ച തീയതി : 27.02.2021

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീമതി ആർ. ശ്രീകല,
W/o. ജയദേവൻ,
ശ്രീവത്സം, വിജയാംബിക റോഡ്,
അരൂർ പി. ഒ.,
ആലപ്പുഴ – 688 534.
} അപ്പീൽ ഹർജിക്കാരി

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
എറണാകുളം – 682 011.

2) അപ്പീൽ അധികാരി &
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
എറണാകുളം – 682 011.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 29.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 19.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.11.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 25.11.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 01.12.2020 |

ശ്രീമതി ആർ. ശ്രീകല സമർപ്പിച്ച ഈ അപ്പീൽ ഹർജി 27.02.2021 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വരികയും ഹർജിക്കാരിക്ക് വേണ്ടി ഹാജരായ ടിയാളുടെ ഭർത്താവ് ശ്രീ. ടി. എൻ. ജയദേവന്റെയും എതിർകക്ഷികളുടെയും വാദങ്ങളും സമർപ്പിക്കപ്പെട്ട

രേഖകളും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുകയും ചെയ്യുന്നു.

2) 2012–13, 2013–14, 2014–15, 2015–16 എന്നീ വർഷങ്ങളിലെ എറണാകുളം ഉപ ജില്ലാ സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട കണക്കുകൾ ഓഡിറ്റ് ചെയ്തതിനെ തുടർന്ന് എറണാകുളം അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ (AEO) ഹർജിക്കാരിയുടെ പേരിൽ 99,994/- രൂപ ബാധ്യത നിശ്ചയിക്കുകയും ടിയാളുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും (DCRG) ടി തുക പിടിക്കുകയും ചെയ്തതിനെ തുടർന്ന് അപ്രകാരം ബാധ്യത നിശ്ചയിക്കുവാൻ അവലംബിച്ച രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസറുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ആവശ്യപ്പെട്ട രേഖകൾ ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അതിനും അനുകൂല തീരുമാനം ഉണ്ടായില്ല എന്നാരോപിച്ചുകൊണ്ടാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസറായി പെൻഷൻ പറ്റിയ ശ്രീമതി ആർ. ശ്രീകല ഈ അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്.

3) 2012–13 മുതൽ 2015–16 വരെയുള്ള നാല് വർഷങ്ങളിൽ എറണാകുളം ഉപ ജില്ലാ സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ടുള്ള രേഖകൾ ജില്ലാ ധനകാര്യ വകുപ്പ് ഓഡിറ്റ് നടത്തിയതിനെ തുടർന്ന് പ്രസ്തുത മേളകൾ നടത്തുവാൻ ഉത്തരവാദിത്വമുണ്ടായിരുന്ന ഹർജിക്കാരിയുടെ പേരിൽ 99,994/- രൂപ ബാധ്യത നിശ്ചയിക്കുകയും ടിയാളുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും അത്രയും തുക പിടിച്ചെടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക ബാധ്യതയായി നിശ്ചയിക്കുവാൻ ആശ്രയിച്ച രേഖകളുടെ പകർപ്പുകളാണ് ഹർജിക്കാരി വിവരാവകാശ അപേക്ഷയിലൂടെ AEO ഓഫീസിലെ എസ്.പി.ഐ.ഒ. യോട് ആവശ്യപ്പെട്ടിരുന്നത്. ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടി ഹർജിക്കാരി സൂചിപ്പിച്ച മേളകളുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ AEO ഓഫീസിലെ സെക്ഷനിൽ ലഭ്യമാക്കിയിട്ടില്ല എന്നും, അതാത് കാലയളവിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നേരിട്ടാണ് അവ കൈകാര്യം ചെയ്തിട്ടുള്ളതെന്നും, മേളകളുമായി ബന്ധപ്പെട്ട്

ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള രേഖകളിലാണ് ഓഡിറ്റ് നടന്നിട്ടുള്ളതെന്നും, ഓഡിറ്റിനായി ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള രേഖകൾ മുൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഓഫീസിൽ സൂക്ഷിച്ചുവയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും, പ്രസ്തുത രേഖകൾ പരിശോധിച്ച് ഹർജിക്കാരിക്ക് ആവശ്യമുള്ള വിവരം ശേഖരിക്കാവുന്നതാണ് എന്നുമാണ്. എസ്.പി.ഐ.ഒ. യുടെ മറുപടിക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരിയായ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ മറുപടി ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൾ ആവശ്യപ്പെട്ട രൂപത്തിൽ ശേഖരിച്ച് സൂക്ഷിച്ചു വച്ചിട്ടില്ല എന്നും, ജില്ലാ ധനകാര്യ വിഭാഗം നടത്തിയ ഓഡിറ്റ് കാലയളവിൽ മേളകൾ നടത്തിയിട്ടുള്ളത് ഹർജിക്കാരി തന്നെയായിരുന്നതിനാലും, അതുമായി ബന്ധപ്പെട്ടിട്ടുള്ള രേഖകൾ കൈകാര്യം ചെയ്തതും ഓഡിറ്റിനായി ഏൽപ്പിച്ചതും ഹർജിക്കാരി തന്നെയായിരുന്നതിനാലും, പ്രസ്തുത രേഖകൾ മുൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി ഓഫീസിൽ സൂക്ഷിച്ചുവയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്നതിനാലും ഹർജിക്കാരി നേരിട്ട് രേഖകൾ പരിശോധിച്ച് ആവശ്യമുള്ള രേഖകളുണ്ട് എങ്കിൽ അത് ശേഖരിക്കാവുന്നതാണ് എന്നുമാണ്.

4) സമർപ്പിക്കപ്പെട്ട മൊഴികളിൽ നിന്നും രേഖകളിൽ നിന്നും ബോധ്യമാകുന്നത് ഹർജിക്കാരി എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. യോട് ആവശ്യപ്പെടുന്ന രേഖകൾ എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഔദ്യോഗിക രേഖകളല്ല എന്നാണ്. 2012–13 മുതൽ 2015–16 വരെയുള്ള കാലയളവിൽ നടന്ന എറണാകുളം ഉപജില്ലാ സ്കൂൾ കലോത്സവ മേളയുമായി ബന്ധപ്പെട്ട രേഖകളാണ്. പ്രസ്തുത രേഖകളുടെ യഥാർത്ഥ അവകാശി കലോത്സവ കമ്മിറ്റിയാണ്. കലോത്സവ കമ്മിറ്റി ചെലവിട്ട തുകയുമായി ബന്ധപ്പെട്ട രേഖകൾ കലോത്സവത്തിന്റെ ചാർജുണ്ടായിരുന്ന അന്നത്തെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ഈ അപ്പീലിലെ ഹർജിക്കാരി, പ്രസ്തുത രേഖകളുടെ ഓഡിറ്റിനായി എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഏൽപ്പിക്കുകയും അത് ടി ഓഫീസിൽ സൂക്ഷിച്ചു വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഹർജിക്കാരിയുടെ പേരിൽ ബാധ്യത ഫിക്സ് ചെയ്തത് ഹർജിക്കാരി സൂചിപ്പിക്കുന്നതു പോലെ എറണാകുളം AEO അല്ല. പെൻഷൻ

സാംഗ്ഷനിംഗ് അതോറിറ്റി നൽകിയ ബാധ്യത സർട്ടിഫിക്കറ്റിൽ പറഞ്ഞിരിക്കുന്നത് ഇപ്ര കാരമാണ്. "ഫിനാൻസ് ഡിപ്പാർട്ട് മെന്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 2012–13 മുതൽ 2016–17 വരെയുള്ള കാലയളവിലെ കലാകായിക ശാസ്ത്ര മേളകളുടെ നടത്തിപ്പു മായി ബന്ധപ്പെട്ട് ബാധ്യതയായി ഈടാക്കുവാൻ ലഭിച്ച നിർദ്ദേശം അനുസരിച്ചുള്ള തുക 99,994/-" എന്നാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് ഹർജിക്കാരിയുടെ പേരിൽ ബാധ്യത നിശ്ചയിച്ചിരിക്കുന്നത് ഫിനാൻസ് ഡിപ്പാർട്ട്മെന്റാണ് എന്നാണ്. AEO അല്ല. ആ സ്ഥിതിയ്ക്ക് പ്രസ്തുത ബാധ്യത നിശ്ചയിക്കുവാൻ ആശ്രയിച്ച രേഖകൾ എന്തൊ ക്കെയാണ് എന്ന് ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർക്ക് മാത്രം അറിവുള്ള കാര്യമാണ്. ഇപ്പോൾ പ്രസ്തുത രേഖയുടെ കസ്റ്റോഡിയനായ എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനോ അവിടുത്തെ ജീവനക്കാർക്കോ അതു സംബന്ധിച്ച യാതൊരു അറിവുമില്ല. അതു കൊണ്ടു തന്നെ അവർ അവരുടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ കൂട്ടത്തിൽ പരിശോധന നടത്തിയാലും ഹർജിക്കാരി ഉദ്ദേശിച്ച രേഖകൾ എന്തൊക്കെയാ ണെന്ന് കണ്ടുപിടിക്കുക വളരെയേറെ ദുഷ്കരവും ശ്രമകരവുമായ ജോലിയാണ്. അതി നേക്കാൾ എളുപ്പവും ഫലപ്രദമായിട്ടുള്ളതും ഹർജിക്കാരി തന്നെ അത്തരം രേഖകൾ പരിശോധിച്ച് ടിയാൾക്ക് ആവശ്യമുള്ള രേഖകൾ ശേഖരിക്കുന്നതായിരിക്കും. അതിന്റെ പ്രധാന കാരണം ഹർജിക്കാരിക്ക് ബാധ്യത നിശ്ചയിച്ച കാലയലവിൽ മേളകൾ നടത്തി യതു മുഴുവൻ ഹർജിക്കാരിയുടെ ഉത്തരവാദിത്വത്തിലായിരുന്നു. അതുമായി ബന്ധപ്പെട്ട രേഖകൾ മുഴുവൻ കൈകാര്യം ചെയ്തതും പ്രസ്തുത രേഖകൾ ഓഡിറ്റിനായി ഹാജരാ ക്കിയതും അവ എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഏൽപ്പിച്ചതും ഹർജിക്കാരി തന്നെയായിരുന്നു. അതുകൊണ്ടാണ് ഹർജിക്കാരി ചെലവാക്കിയതുമായി ബന്ധപ്പെട്ട തുകയ്ക്ക് ഓഡിറ്റ് പാർട്ടി നിശ്ചയിച്ച ബാധ്യത സംബന്ധിച്ച രേഖകൾ കണ്ടു പിടിക്കുവാൻ എളുപ്പം സാധിക്കുന്നത് ഹർജിക്കാരിക്ക് തന്നെയാണ് എന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നത്. ഇക്കാരണത്താൽ എസ്.പി.ഐ.ഒ. യുടെയും ഒന്നാം അപ്പീൽ അധികാരിയുടെയും തീരുമാനത്തിൽ ഇടപെടേണ്ട ആവശ്യമില്ല എന്ന തീരുമാന ത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു. അതിനാൽ ഹർജിക്കാരിക്കോ, ഹർജിക്കാരി നിശ്ചയി

ക്കുന്ന ആളിനോ, രണ്ടുപേർക്കും കൂടിയോ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുവാനുള്ള അവസരം നൽകണമെന്നും അതു പ്രകാരം ഹർജിക്കാരി സൂചിപ്പിക്കുന്ന രേഖകളുടെ പകർപ്പ് ഒരു പേജിന് രണ്ട് രൂപ കണക്കിൽ ഫീസ് ഈടാക്കി ഹർജിക്കാരിക്ക് ലഭ്യമാക്കണമെന്നും ഉത്തരവാകുന്നു. ഈ ഉത്തരവ് നടപ്പാക്കുന്നതിനായി അപ്പീൽ ഹർജിക്കാരി ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 30 ദിവസത്തിനകം എസ്.പി.ഐ.ഒ. യെയോ / അപ്പീൽ അധികാരിയെയോ സമീപിക്കേണ്ടതാണ്.

5) മുകളിൽ പറഞ്ഞ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2021 ഫെബ്രുവരി മാസം 27 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
എസ്. സോമനാഥൻ പിള്ള
വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

srv